2025 OCTOBER
21
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മുഹൂർത്ത വ്യാപാരം ഇന്ന്; ഓഹരിക്ക് ലാഭപ്രതീക്ഷ

**മുംബൈ:** ഓഹരി നിക്ഷേപകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ വർഷത്തെ മുഹൂർത്ത വ്യാപാരം ഉത്തരേന്ത്യയിലെ ദീപാവലി ആഘോഷ ദിനമായ ചൊവ്വാഴ്ച (ഒക്ടോബർ 21). പുതുതായി ഓഹരികൾ വാങ്ങാനും നിലവിലെ ഓഹരിനിക്ഷേപം ഉയർത്താനും ഏറ്റവും ഐശ്വര്യപൂർണമെന്ന് നിക്ഷേപകർ വിശ്വസിക്കുന്ന സമയമാണിത്. ഇന്ന് ഉച്ചയ്ക്ക് 1.45 മുതൽ 2.45 വരെയാണ് ഇക്കുറി മുഹൂർത്ത വ്യാപാരം. ദീപാവലി പ്രമാണിച്ച് ചൊവ്വാഴ്ചയും ദീപാവലി ബലിപ്രതിപദ പ്രമാണിച്ച് ബുധനാഴ്ചയും ഓഹരി വിപണികൾക്ക് അവധിയാണ്.



ഓഹരികൾ വിപണി തുടർച്ചയായി രണ്ടുദിവസം പൊതു അവധിയിലാകുന്നത് അപൂർവം. ചൊവ്വാഴ്ച അവധിയാണെങ്കിലും ഒരുമണിക്കൂർ നേരത്തേക്ക് വ്യാപാരം സംഘടിപ്പിക്കും. ഇതാണ് മുഹൂർത്ത വ്യാപാരം. ഉത്തരേന്ത്യൻ ഹൈന്ദവ വിശ്വാസപ്രകാരമുള്ള സംവത് വർഷത്തിന് തുടക്കംകുറിച്ചാണ് ഓരോ വർഷവും ദീപാവലിനാളിൽ മുഹൂർത്ത വ്യാപാരം സംഘടിപ്പിക്കാറുള്ളത്. ലക്ഷ്മീദേവിക്ക് പൂജകൾ അർപ്പിച്ചശേഷമാണ് പ്രത്യേക വ്യാപാരം ആരംഭിക്കുക.

ഇക്കുറി മുഹൂർത്ത വ്യാപാരത്തിൽ പ്രീഓപ്പൺ സെഷൻ ഉച്ചയ്ക്ക് 1.30 മുതൽ 1.45 വരെയാണ്. തുടർന്നാണ് ഒരു മണിക്കൂർ നേരത്തേക്ക് സാധാരണ വ്യാപാരം. ഓഹരി വാങ്ങൽ/വിൽക്കൽ ഇടപാടുകളിൽ അന്തിമമായി മാറ്റംവരുത്താൻ 2.55 വരെയും സമയം അനുവദിച്ചിട്ടുണ്ട്.

പുതിയ ബിസിനസ് പ്രവർത്തനങ്ങൾ ആരംഭിക്കുക, നിക്ഷേപങ്ങൾ തുടങ്ങുക, വീടോ വാഹനങ്ങളോ വസ്ത്രങ്ങളോ ആഭരണങ്ങളോ മറ്റോ വാങ്ങുക എന്നിവയ്ക്കെല്ലാം ഐശ്വര്യപൂർണമായ മുഹൂർത്തമായാണ് ഈ ഒരു മണിക്കൂറിനെ ഉത്തരേന്ത്യക്കാർ കാണുന്നത്. കഴിഞ്ഞ വർഷങ്ങളിൽ വൈകിട്ട് 6 മുതൽ 7 വരെയായിരുന്നു മുഹൂർത്ത വ്യാപാരം. ഇക്കുറി ഇത് ഉച്ചയ്ക്കാണെന്നതും അപൂർവതയാണ്.പൊതുവേ സെൻസെക്സും നിഫ്റ്റിയും മുഹൂർത്ത വ്യാപാരത്തിൽ നേട്ടം കൊയ്യാറുണ്ട്. 2012 മുതൽ 2024 വരെയുള്ള 13 മുഹൂർത്ത വ്യാപാരങ്ങളിൽ 10ലും നേട്ടത്തിന്റെ മധുരം നുണഞ്ഞു. 2024ലെ മുഹൂർത്ത വ്യാപാരത്തിൽ സെൻസെക്സ് 335.06 പോയിന്റ് (+0.42%) ഉയർന്ന് 79,724.12ലും നിഫ്റ്റി 99 പോയിന്റ് (+0.41%) നേട്ടവുമായി 24,304ലും എത്തിയിരുന്നു. നിലവിൽ സെൻസെക്സുള്ളത് 83,952ൽ ആണ്; നിഫ്റ്റി 25,709ലും.സ്വർണവും വെള്ളിയും റെക്കോർഡുകൾ തകർത്ത് ഉയരുന്നത് നിക്ഷേപകർക്ക് നേട്ടമാകുന്നു.

കഴിഞ്ഞ 10 വർഷം പരിഗണിച്ചാൽ ഓരോ ദീപാവലിയിൽ നിന്നും അടുത്ത ദീപാവലിവരെ പരിഗണിച്ചാൽ സ്വർണവും വെള്ളിയും പൊതുവേ പോസിറ്റീവ് നേട്ടം മാത്രമാണ് നിക്ഷേപകർക്ക് നൽകിയതും. എന്നാൽ, ഇക്കഴിഞ്ഞ ഒരുവർഷത്തെ നേട്ടം അമ്പരിപ്പിക്കുന്നതുമാണ്.

കഴിഞ്ഞ ഒരുവർഷത്തിനിടെ സ്വർണം 63% മുന്നേറി. അതിനുമുൻപത്തെ ഏറ്റവും ഉയർന്ന നേട്ടം 2020ലെ 33 ശതമാനം.

വെള്ളിയുടെ ഇതിനുമുൻപത്തെ മികച്ച നേട്ടം 2020ലെ തന്നെ 37 ശതമാനവും. സെൻസെക്സ് കഴിഞ്ഞ ഒരു വർഷത്തിനിടെ 6.3% മാത്രമേ ഉയർന്നിട്ടുള്ളൂ.

# ഐബിഎമ്മുമായി സഹകരിച്ച് എയർടെൽ ക്ലൗഡ് സേവനം ശക്തിപ്പെടുത്തുന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടെലികോം സേവനദാതാക്കളിലൊന്നായ ഭാരതി എയർടെൽ, എയർടെൽ ക്ലൗഡ് സേവനം ശക്തിപ്പെടുത്തുന്നതിനായി ഐബിഎമ്മുമായി സഹകരിക്കുന്നു.

എയർടെൽ ക്ലൗഡിന്റെ സുരക്ഷ, വിശ്വാസ്യത, ഡാറ്റാ റെസിഡൻസി എന്നിവയെ ഐബിഎമ്മിന്റെ എഐ സാങ്കേതികവിദ്യകളും ക്ലൗഡ് സൊല്യൂഷൻസും ഉപയോഗിച്ച് കൂടുതൽമെച്ചപ്പെടുത്തുകയാണ് സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്.ഈ പങ്കാളിത്തത്തിലൂടെ ബാങ്കിംഗ്, ഹെൽത്ത്കെയർ, സർക്കാർ തുടങ്ങിയ നിയന്ത്രിത മേഖലകളിൽപ്രവർത്തിക്കുന്ന എന്റർപ്രൈസുകൾക്ക് എഐ വർക്ക്ലോഡുകൾ കൂടുതൽ കാര്യക്ഷമമായി സ്കെയിൽചെയ്യാനാകും. കൂടാതെ, ഓൺപ്രിമൈസ്, മൾട്ടിക്ലൗഡ്, എഡ്ജ് തുടങ്ങിയ വിവിധ ഇൻഫ്രാസ്ട്രക്ചർപ്ലാറ്റ്ഫോമുകളിലുടനീളം ഇന്റർ ഓപ്പറബിലിറ്റിയും ഉറപ്പാക്കുന്നു.

എയർടെൽ ക്ലൗഡ് ഉപഭോക്താക്കൾക്ക് ഇനി ഐബിഎം പവർ11 സെർവർ ഉൾപ്പെടെ ഐബിഎം പവർ സിസ്റ്റം സർവീസ് ആയി ലഭ്യമാകും. ഇതിലൂടെ സാപ് ക്ലൗഡ് ഇആർപി, ലിനക്സ്, ഐബിഎം പവർ എഐ എക്സ് എന്നിവയുൾപ്പെടെയുള്ള പ്രധാന എന്റർപ്രൈസ് ആപ്ലിക്കേഷനുകൾ കൂടുതൽ സുരക്ഷിതമായി പ്രവർത്തിക്കാനാകും. ഐബിഎമ്മിന്റെ വാട്സൺ എക്സും റെഡ് ഹാറ്റ് ഓപൺഷിഫ്റ്റ് എഐയും അടിസ്ഥാനമാക്കി നിർമ്മിച്ച എഐ ഇൻഫറൻസ് സോഫ്റ്റ് വെയർ സ്റ്റാക്ക് ഉപയോഗിച്ച്, ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് ഹൈബ്രിഡ് ക്ലൗഡ്, എഐ ഇൻഫറൻസ് സംവിധാനം ലഭിക്കും.

ഈ സൗകര്യങ്ങൾ കോർ എന്റർപ്രൈസ് പ്രവാഹങ്ങളിൽ ജനറേറ്റീവ് എഐയുടെ സ്വാധീനം വർധിപ്പിച്ച് ഉൽപാദനക്ഷമത മെച്ചപ്പെടുത്താൻ രൂപകൽപ്പന ചെയ്ത ഓട്ടോമേഷൻ പോർട്ട്ഫോളിയോയാൽ ശക്തിപ്പെടുത്തിയിരിക്കുന്നു. ഉപഭോക്താക്കൾക്ക് റെഡ് ഹാറ്റിന്റെ ഹൈബ്രിഡ് ക്ലൗഡ് സൊല്യൂഷനുകളായ റെഡ് ഹാറ്റ് ഓപ്പൺഷിഫ്റ്റ് വെർച്ചലൈസേഷൻ, റെഡ് ഹാറ്റ് ഓപ്പൺ ഷിഫ്റ്റ്, റെഡ് ഹാറ്റ് എഐ എന്നിവ ഉപയോഗിക്കാൻ കഴിയും. ഇതിന് പുറമേ, ഐബിഎമ്മിന്റെ ഹൈബ്രിഡ് ക്ലൗഡ് ആർക്കിടെക്ചർ, കൃത്രിമ ബുദ്ധിയും ക്വാണ്ടം കംപ്യൂട്ടിംഗും ഉൾപ്പെടുന്ന ഭാവിയിലെ നവീകരണങ്ങളെ പ്രാപ്തമാക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിന് രൂപകൽപ്പന ചെയ്തതാണ്. എയർടെൽ ഐബിഎം പങ്കാളിത്തം ഇന്ത്യയിലെ എന്റർപ്രൈസുകൾക്ക് വ്യാപകമായ ഡിജിറ്റൽ നവീകരണം വേഗത്തിലാക്കാൻ സഹായകമാകും.

## റേഡിയേഷൻ തെറാപ്പി സംവിധാനത്തിന് ഐസിഐസിഐ 625 കോടി നൽകും

**കൊച്ചി:** ഐസിഐസിഐ ബാങ്ക് ടാറ്റാ മെമ്മോറിയൽ സെന്ററുമായി ചേർന്ന് നവി മുംബൈയിൽ പുതിയ കാൻസർ സെന്റർ സ്ഥാപിക്കും. ടാറ്റാ മെമ്മോറിയൽ സെന്ററിന്റെ അഡ്വാൻസ്ഡ് സെന്ററിലാവും ഐസിഐസിഐ ബാങ്കിന്റെ 625 കോടി രൂപയുടെ സിഎസ്ആർ സംഭാവനയുടെ പിന്തുണയോടെ ഇതു നിർമിക്കുക. രാജ്യത്തെ ഏറ്റവും വലിയ റേഡിയേഷൻ തെറാപ്പി കേന്ദ്രം, ഏറ്റവും പുതിയ കാൻസർ ചികിൽസാ സൗകര്യങ്ങൾ തുടങ്ങിയവ ഇവിടെയുണ്ടാകും.



ടാറ്റാ മെമ്മോറിയൽ സെന്ററിനായി 1800 കോടി രൂപയുടെ പദ്ധതികൾ ലഭ്യമാക്കുന്ന വിപുലമായ നീക്കത്തിന്റെ ഭാഗമായാണ് ഈ പദ്ധതിയും. നവി മുംബൈയ്ക്ക് പുറമെ ന്യൂ ചണ്ഡിഗഡിലെ മുല്ലൻപർ, ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം എന്നിവിടങ്ങളിലാണ് മറ്റുള്ളവ. ആരോഗ്യ സേവനം, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര ജീവിതവൃത്തി, സാമൂഹ്യ വികസന പദ്ധതികൾ എന്നീ നാലു മേഖലകളിലായാവും ഐസിഐസിഐ ബാങ്ക് തങ്ങളുടെ സിഎസ്ആർ വിഭാഗമായ ഐസിഐസിഐ ഫൗണ്ടേഷൻ വഴി എല്ലാവരിലേക്കും വികസനം എത്തിക്കാനുള്ള നീക്കങ്ങൾ തുടരുകയെന്ന് ഐസിഐസഐ ബാങ്ക് ചെയർമാൻ പ്രദീപ് കുമാർ സിൻഹ പറഞ്ഞു.

## കോംപ്ലക്സ് ഹെഡ് ആന്റ് നെക്ക് ക്യാൻസർ സെന്റർ ആരംഭിച്ച് വിപിഎസ് ലേക്ഷോർ

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി തലയിലെയും കഴുത്തിലെയും അപൂർവ ക്യാൻസറുകളുടെ ചികിത്സയ്ക്കായി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിൽ സെന്റർ ഫോർ കോംപ്ലക്സ് ഹെഡ് ആന്റ് നെക്ക് ക്യാൻസർ (സിസിഎച്ച്എൻസി) ആരംഭിച്ചു. അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ, വിവിധ മേഖലകളിലെ വിദഗ്ധരുടെ സംഘത്തിന്റെ പിന്തുണയോടെയാണ് കേന്ദ്രം പ്രവർത്തിക്കുകയെന്ന് വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിൽ എം. ഡി എസ്. കെ അബ്ദുള്ള, സി. ഇ. ഒ ജയേഷ് വി. നായർ, ഹെഡ് ആന്റ് നെക്ക് ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. മോണി എബ്രഹാം കുര്യാക്കോസ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സങ്കീർണ്ണവും, ആവർത്തിച്ചുള്ളതും, രോഗനിർണയം നടത്താനും ചികിത്സിക്കാനും ബുദ്ധിമുട്ടുള്ളതുമായ തല, കഴുത്ത് ക്യാൻസറുകൾ സിസിഎച്ച്എൻസി കൈകാര്യം ചെയ്യുന്നു.

അത്യാധുനിക സാങ്കേതികവിദ്യ, കൃത്യമായ ജീനോമിക് രോഗനിർണയം, വിവിധ മേഖലകളിലെ നൂതന ചികിത്സാ വൈദഗ്ദ്ധ്യം, സമഗ്രമായ പുനരധിവാസം എന്നിവ സംയോജിപ്പിച്ച് ലോകോത്തര ക്യാൻസർ പരിചരണം നൽകുക എന്നതാണ് ലക്ഷ്യം.




ആഗോള ഡ്രഗ് ആക്സസ് പ്രോഗ്രാമുകളിലൂടെയും പ്രമുഖ അന്താരാഷ്ട്ര കേന്ദ്രങ്ങളുമായി സഹകരിച്ചുള്ള ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെയും നൂതന ചികിത്സാ രീതികൾ സൃഷ്ടിക്കാൻ സിസിഎച്ച്എൻസി ശ്രമിച്ചുവരുന്നു. തലയിലും കഴുത്തിലും ക്യാൻസർ ആവർത്തിക്കാനുള്ള സാധ്യത 50 ശതമാനം വരെ ഉയർന്നതാണെന്നും ഡോ. മോണി കൂട്ടിച്ചേർത്തു. ഇത്തരം വിപുലമായ ആവർത്തിച്ചുള്ളതോ സങ്കീർണ്ണമായതോ ആയ ക്യാൻസറുകൾ ചികിത്സിക്കാൻ സമർപ്പിത കേന്ദ്രങ്ങൾ ഇന്ന് ഇന്ത്യയിൽ ഇല്ല. ഈ വിടവ് നികത്താനും ഈ രോഗികൾക്ക് കേന്ദ്രീകൃതവും സമഗ്രവുമായ പരിചരണം നൽകാനുമാണ് സിസിഎച്ച്എൻസി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും ഇവർ പറഞ്ഞു. ഓങ്കോളജി കൺസൾട്ടന്റായ ഡോ. അശ്വിൻ മുള്ളത്ത്, കൺസൾട്ടന്റ് ഓർത്തോപീഡിക് ഓങ്കോളജിസ്റ്റ് ഡോ. എബിൻ റഹ്മാൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സീനിയർ ഫുട്ബോൾ: ഇടുക്കി ഫൈനലിൽ



**കൊച്ചി:** എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിലെ കിരീടപോരാട്ടം ഇന്ന്. വൈകിട്ട് 3ന് ഇടുക്കിയും തൃശൂരും തമ്മിലാണ് കലാശക്കളി. ഇന്നലെ വൈകിട്ട് നടന്ന രണ്ടാം സെമിഫൈനലിൽ ആലപ്പുഴയെ എതിരില്ലാത്ത നാലുഗോളുകൾക്ക് തോൽപ്പിച്ചാണ് ഇടുക്കി രാജകീയമായി ഫൈനൽ ടിക്കറ്റ് ഉറപ്പാക്കിയത്. ആലപ്പുഴക്ക് ഒരു അവസരവും നൽകാതെയായിരുന്നു ഇടുക്കിയുടെ ജയം. ഇരട്ട ഗോൾ നേടിയ ക്യാപ്റ്റൻ വിബിൻ വിധുവാണ് കളിയിലെ താരം. ആദ്യപകുതിയിൽ ആലപ്പുഴയുടെ മികച്ച രണ്ട് അവസരങ്ങൾ ഇടുക്കി ഗോളി സി.ഫർഹാൻ രക്ഷപ്പെടുത്തിയിരുന്നു. ഇടവേളക്ക് തൊട്ടുമുമ്പ് (43) അജ്മൽ കാജയാണ് ഇടുക്കിയെ മുന്നിലെത്തിച്ചത്. 56ാം മിനിറ്റിൽ വിബിൻ വിധു രണ്ടാം ഗോൾ നേടി. ആലപ്പുഴ തിരിച്ചുകയറാൻ ശ്രമിക്കുന്നതിനിടെ ഫാരിസ് അലിയിലൂടെ (53) ഇടുക്കി മൂന്നാം ഗോളും കുറിച്ചു. കോർണർ കിക്ക് ഉൾപ്പെടെ നേടി ആലപ്പുഴ ഒരുഗോളെങ്കിലും എതിർവലയിലെത്തിക്കാൻ തീവ്രശ്രമം നടത്തുന്നതിനിടെയായിരുന്നു വിബിൻ വിധു ഇടുക്കിയുടെ ജയവും അപ്രമാദിത്യവും ഉറപ്പിച്ച നാലാം ഗോൾ നേടിയത്. ടൂർണമെന്റിലുടനീളം മികച്ച പ്രകടനമായിരുന്നു കെ.ജെ ജോബി പരിശീലിപ്പിക്കുന്ന ഇടുക്കിയുടേത്. മൂന്ന് മത്സരങ്ങളിൽ ഒരുഗോൾ പോലും വഴങ്ങിയിട്ടില്ല. കോഴിക്കോടിനെ ഏകപക്ഷീയമായ ഒരുഗോളിന് തോൽപ്പിച്ചായിരുന്നു ക്വാർട്ടർ പ്രവേശം. ക്വാർട്ടർ ഫൈനലിൽ നിലവിലെ റണ്ണേഴ്സ് അപ്പായ തിരുവനന്തപുരത്തെ തകർത്തത് പെനൽറ്റി ഷൂട്ടൗട്ടിൽ. ആദ്യ സെമി ഫൈനലിൽ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് നിലവിലെ ചാമ്പ്യൻമാരായ കോട്ടയത്തെ പരാജയപ്പെടുത്തിയതാണ് തൃശൂർ ഫൈനലിലെത്തിയത്. പ്രീക്വാർട്ടറിൽ കൊല്ലത്തെയും, ക്വാർട്ടറിൽ മലപ്പുറത്തെയുമാണ് തോൽപ്പിച്ചത്. ഇന്ന് രാവിലെ 7.30ന് ലൂസേഴ്സ് ഫൈനലിൽ കോട്ടയം ആലപ്പുഴയെ നേരിടും. മത്സരങ്ങൾ സ്പോർട്സ് മിക്സ് ലൈവ് യൂട്യൂബ് ചാനലിലും ഗോൾമലയാളം ഫേസ്ബുക്ക് പേജിലും തത്സമയം കാണാം.

# മൂന്നര വർഷത്തിനിടെ 42 ലക്ഷം പേർക്ക് കുടിവെള്ളം എത്തിക്കാനായി: മന്ത്രി റോഷി അഗസ്റ്റിൻ

**ആലപ്പുഴ:** കഴിഞ്ഞ മൂന്നര വർഷത്തിനിടെ 42 ലക്ഷം പേർക്ക് കുടിവെള്ളമെത്തിക്കാൻ സർക്കാരിന് സാധിച്ചതായി ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ആലപ്പുഴ നഗരസഭയിൽ അമൃത്, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പഴവങ്ങാടി, ചന്ദനക്കാവ് എന്നീ ഉന്നതതല ജലസംഭരണികളുടെ ഉദ്ഘാടനം ചന്ദനക്കാവിലെ ജലസംഭരണി അങ്കണത്തിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കിഫ്ബി, അമൃത്, റീബിൽഡ് കേരള തുടങ്ങിയ പദ്ധതികൾ വഴിയാണ് പ്രവർത്തനം നടപ്പിലാക്കിയത്. ഏകദേശം 1600 കോടി രൂപയുടെ പ്രവർത്തനങ്ങൾ അമ്പലപ്പുഴ മണ്ഡലത്തിൽ നടത്താൻ സാധിച്ചു. സംസ്ഥാനത്തെ എല്ലാവർക്കും ശുദ്ധമായ കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നും ഇതിനായി 44,000 കോടിയുടെ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്തുകഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

ആലപ്പുഴ നഗരസഭയിൽ അമൃത് 1.0 ന്റെ ഭാഗമായി 3.04 കോടി രൂപ ചെലവിൽ കമ്മീഷനിംഗ് ചെയ്ത 10 ലക്ഷം ലിറ്റർ ശേഷിയുള്ള പഴവങ്ങാടി ഉന്നതതല ജലസംഭരണി, കിഫ്ബി പ്രവൃത്തികളുടെ ഭാഗമായി 5.97 കോടി രൂപ ചെലവിൽ കമ്മീഷനിംഗ് ചെയ്ത നഗരസഭയിലെ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ചന്ദനക്കാവ് ഉന്നതതല ജലസംഭരണി എന്നിവയുടെ ഉദ്ഘാടനമാണ് മന്ത്രി നിർവഹിച്ചത്. ഇതോടൊപ്പം കിഫ്ബി പദ്ധതി മുഖേന 70 കോടി രൂപ ചെലവഴിച്ച് നവീകരിക്കുന്ന ജലവിതരണ ശൃംഖലയുടെ നിർമ്മാണോദ്ഘാടനവും മന്ത്രി നിർവഹിച്ചു. എച്ച്. സലാം എം.എൽ.എ അധ്യക്ഷനായി. നഗരസഭാധ്യക്ഷ കെ. കെ ജയമ്മ, നഗരസഭ ഉപാധ്യക്ഷൻ പി. എസ്. എം ഹുസൈൻ, സ്ഥിരംസമിതി അധ്യക്ഷരായ എം. ആർ. പ്രേം, എം. ജി സതീദേവി, എ. എസ് കവിത, നഗരസഭാഗംങ്ങളായ സൗമ്യരാജ്, ജലഅതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ എം. ഹരികൃഷ്ണൻ, ചീഫ് എഞ്ചിനീയർ വി. കെ പ്രദീപ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




# രാജ്യത്ത് സ്റ്റേറ്റ് മെഡിക്കൽ കോളേജുകളിൽ ആദ്യമായി ന്യൂക്ലിയർ മെഡിസിനിൽ പിജി

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആദ്യമായി ന്യൂക്ലിയർ മെഡിസിനിൽ പി.ജി സീറ്റുകൾ അനുവദിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് മെഡിക്കൽ കോളേജിനാണ് സീറ്റുകൾ അനുവദിച്ചത്. രാജ്യത്ത് സ്റ്റേറ്റ് മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ന്യൂക്ലിയർ മെഡിസിന് പി.ജി പഠനം സാധ്യമാകുന്നത്. മലബാർ കാൻസർ സെന്ററിൽ റേഡിയേഷൻ ഓങ്കോളജിയിൽ പി.ജി സീറ്റുകൾ അനുവദിക്കപ്പെട്ടു. ന്യൂക്ലിയർ മെഡിസിനിലേയും റേഡിയേഷൻ ഓങ്കോളജിയിലേയും ഉൾപ്പെടെ പി.ജി സീറ്റുകൾ കേരളത്തിന്റെ കാൻസർ ചികിത്സാ രംഗത്തിന് കൂടുതൽ കരുത്ത് പകരും. 81 പുതിയ മെഡിക്കൽ പി.ജി സീറ്റുകൾക്കാണ് കേരളത്തിന് ഇത്തവണ എൻ.എം.സി അനുമതി നൽകിയത്. ആലപ്പുഴ മെഡിക്കൽ കോളേജ് 17, എറണാകുളം മെഡിക്കൽ കോളേജ് 15, കണ്ണൂർ മെഡിക്കൽ കോളേജ് 15, കൊല്ലം മെഡിക്കൽ കോളേജ് 30, കോഴിക്കോട് മെഡിക്കൽ കോളേജ് 2, മലബാർ കാൻസർ സെന്റർ (എംസിസി) 2.

മെഡിക്കൽ കോളേജുകൾക്കായി 270 അധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് പി.ജി സീറ്റുകൾ ലഭ്യമായത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗത്തിലും, ക്രിട്ടിക്കൽ കെയർ വിഭാഗത്തിലും പി.ജി സീറ്റുകൾ അനുവദിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിരുദ പഠനം: ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു

**ആലപ്പുഴ:** ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ബിരുദ കോഴ്സുകളിലേക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം നടത്തി.

പുന്നപ്ര കേപ്പ് എൻജിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോളേജിൽ നടന്ന ഇൻഡക്ഷൻ പ്രോഗ്രാം സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ കെ. വി രതീഷ് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. സുരേഷ്കുമാർ അധ്യക്ഷനായി.

സാക്ഷരതാമിഷൻ വഴി 463 പഠിതാക്കളാണ് ബിരുദപഠനത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നാനൂറിലേറെപ്പേർ ഇൻഡക്ഷൻ പ്രോഗ്രാമിൽ പങ്കെടുത്തു. രണ്ട് ബാച്ചായിട്ടാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. യൂണിവേഴ്സിറ്റി കോഴ്സുകളുടെ നടത്തിപ്പ്, സെമസ്റ്റർ സമ്പ്രദായം, പ്രോഗ്രാം സെലക്ഷൻ, അസൈൻമെന്റ്, തുടർ മൂല്യനിർണ്ണയം തുടങ്ങിയവയെക്കുറിച്ച് വിശദീകരണം നൽകി.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ഹെഡ് ഡോ. സി. ഗോപകുമാർ, എസ്. കെ .ഡി. സി ഡയറക്ടർ ഡോ. എം. കെ പ്രശാന്ത് എന്നിവർ സംസാരിച്ചു. യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ വി. ഡി സൗമ്യ കൗൺസിലിംഗ് സെഷന് നേതൃത്വം നൽകി. ലേണേഴ്സ് സപ്പോർട്ടിംഗ് സെന്റർ കോ ഓർഡിനേറ്റർ പ്രൊഫസർ എ .ഷൈമ സ്വാഗതവും ബി. ബി. എ സ്റ്റുഡന്റ് അർച്ചന മനു നന്ദിയും പറഞ്ഞു.

## കായിക മത്സരങ്ങൾ സമാപിച്ചു

**ആലപ്പുഴ:** ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് തല കേരളോത്സവത്തിലെ കായിക മത്സരങ്ങൾ സമാപിച്ചു. എടത്വ സെന്റ് അലോഷ്യസ് കോളജിൽ നടന്ന കായിക മത്സരങ്ങളുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിൻസി ജോളി നിർവഹിച്ചു.ഫുട്ബോൾ, വോളീബോൾ, ക്രിക്കറ്റ് എന്നീ ഇനങ്ങളിൽ എല്ലാ പഞ്ചായത്തുകളിൽനിന്നുമുള്ള ടീമുകൾ പങ്കെടുത്തു. ഫുട്ബോൾ, വോളിബോൾ മത്സരങ്ങളിൽ എടത്വ പഞ്ചായത്തും ക്രിക്കറ്റ് മത്സരത്തിൽ കൈനകരി പഞ്ചായത്തും വിജയിച്ചു.

ചടങ്ങിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. എസ് ശ്രീകാന്ത് അധ്യക്ഷനായി.ബ്ലോക്ക് പഞ്ചായത്തംഗം അജിത് പിഷാരത്ത്, എടത്വ പഞ്ചായത്ത് വികസനകാര്യ സ്ഥിരംസമതി അധ്യക്ഷൻ ജയചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാജുമോൻ പത്രോസ്, ജോയിന്റ് സെക്രട്ടറിമാരായ എ. കുഞ്ഞുമോൻ, കെ. ബി അജയകുമാർ, കേരളോത്സവം പ്രോഗ്രാം കോഓർഡിനേറ്റർ എസ്. സെറീന, മറ്റ് ഉദ്യോഗസ്ഥർ, കായിക താരങ്ങൾ തുടങ്ങിയർ പങ്കെടുത്തു.

## മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ കേരളോത്സവത്തിന് തുടക്കം

**മൂവാറ്റുപുഴ:** ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിന് തുടക്കമായി. വാഴക്കുളം കാർമൽ സ്കൂൾ ഗ്രൗണ്ടിൽ ഡോ. മാത്യു കുഴൽനാടൻ എം. എൽ.എ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസി ജോളി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസി ജോസ്, ജില്ലാ പഞ്ചായത്തംഗം ഉല്ലാസ് തോമസ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടോമി തന്നിട്ടാമാക്കൽ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ തോമസ് സാറാമ്മ ജോൺ, ഷിവാഗോ തോമസ്, അംഗങ്ങളായ പ്രൊഫ. ജോസ് അഗസ്റ്റിൻ,രമ രാമകൃഷ്ണൻ, മേഴ്സി ജോർജ്, ഗ്രാമപഞ്ചായത്ത് അംഗം പി.എസ്.സുധാകരൻ , കാർമൽ സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജോൺസൺ വെട്ടിക്കുഴിയിൽ, പി.റ്റി. ജയ്സൺ,ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ജോസ് റ്റി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

21,22, 25,26 ദിവസങ്ങളിൽ വിവിധ വേദികളിലായി മത്സരങ്ങൾ നടക്കും. 21ന് വാഴക്കുളം ലയൺസ് ക്ലബ്ബ് കോർട്ടിൽ ഷട്ടിൽ ബാഡ്മിന്റൺ മത്സരവും 22 ന് വേങ്ങച്ചുവട് വടംവലിയും 25 ന് കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് സ്ക്കൂൾ ഗ്രൗണ്ടിൽ അത്‌ലറ്റിക്സ് മത്സരങ്ങളും നടക്കും.

26ാം തീയതി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കുന്ന കലാമത്സരങ്ങളോടെ ബ്ലോക്ക് തല കേരളോത്സവത്തിന് സമാപനമാകും. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും സമ്മാന വിതരണവും ഡീൻ കുര്യാക്കോസ് എം.പി. നിർവഹിക്കും.

## ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് 23 ന്

**തിരുവനന്തപുരം:** അധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിനും പുതിയതായി ഉൾപ്പെടുത്തിയ അലൈഡ് ഹെൽത്ത് സയൻസ് ഡിഗ്രി പ്രവേശനത്തിനുമുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഒക്ടോബർ 23ന് നടക്കും. www.lbscetnre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ 21 മുതൽ 22 വരെ ഓൺലൈനായി പുതിയ കോഴ്സ്/കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം.

# കായികമേളയ്ക്ക് ഒരുങ്ങി തലസ്ഥാനം

**തിരുവനന്തപുരം:** ഒളിമ്പിക്സ് മാതൃകയിലുള്ള അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഒരുങ്ങി തലസ്ഥാനം. ഒക്ടോബർ 21 മുതൽ 28 വരെയാണ് ഒളിമ്പിക്സ് മാതൃകയിലുള്ള രണ്ടാമത് കായികമേള സംഘടിപ്പിക്കുന്നത്. 21ന് വൈകിട്ട് 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. കായികതാരങ്ങളുടെ മാർച്ച് പാസ്റ്റോടെയാകും ഉദ്ഘാടനച്ചടങ്ങിന് തുടക്കമാവുക. തുടർന്ന് ഇന്ത്യൻ ഫുട്ബോളിന്റെ അഭിമാനതാരം ഐ.എം വിജയൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയ്ക്കൊപ്പം ദീപശിഖ കൊളുത്തും. പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, എം.പി.മാർ, എം.എൽ.എമാർ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ക്രിക്കറ്റ് താരം സഞ്ജു സാംസൺ ആണ് മേളയുടെ ബ്രാന്റ് അംബാസഡർ. ചലച്ചിത്ര താരം കീർത്തി സുരേഷ് മേളയുടെ ഗുഡ്‌വിൽ അംബാസഡർ ആണ്.

ഉദ്ഘാടന ചടങ്ങിന് ശേഷം കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പാരമ്പര്യവും വിളിച്ചോതുന്ന കലാപരിപാടികൾ അരങ്ങേറും. മൂവായിരത്തോളം കുട്ടികൾ പങ്കെടുക്കുന്ന സാംസ്കാരിക പരിപാടികളും ഓരോ ജില്ലയിൽ നിന്നും മുന്നൂറ് കുട്ടികൾ പങ്കെടുക്കുന്ന വിപുലമായ മാർച്ച് പാസ്റ്റുമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം ശിക്ഷക് സദൻ ഓഫീസാക്കി പ്രവർത്തിച്ചുകൊണ്ട് പതിനാറോളം സബ് കമ്മിറ്റികളുടെ നേതൃത്വത്തിൽ മേളയ്ക്കായുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാവുകയാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഒക്ടോബർ 22 മുതൽ 28 വരെ 12 വേദികളിലായി കായിക മത്സരങ്ങൾ നടക്കും. മേളയിൽ ഇൻക്ലൂസീവ് സ്പോർട്സിന്റെ ഭാഗമായി 1944 കായിക താരങ്ങൾ അടക്കം ഇരുപതിനായിരത്തിലധികം താരങ്ങൾ പങ്കെടുക്കും. 20ന് രാത്രി ഏറനാട് എക്സ്പ്രസ്സിൽ തിരുവനന്തപുരത്ത് എത്തിച്ചേരുന്ന ആദ്യബാച്ച് കായിക താരങ്ങൾക്ക് മന്ത്രി വി.ശിവൻകുട്ടിയുടെ നേതൃത്വത്തിൽ റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകും. ഗൾഫ് മേഖലയിൽ കേരള സിലബസിൽ പഠിക്കുന്ന ഏഴ് സ്കൂളുകളിൽ നിന്നും 35 കുട്ടികൾ മേളയിൽ പങ്കെടുക്കുന്നുണ്ട്. ഇത്തവണ 12 പെൺകുട്ടികൾ കൂടി ഗൾഫ് മേഖലയിൽ നിന്നും മേളയിൽ പങ്കെടുക്കുന്നു എന്ന പ്രത്യേകതയുണ്ട്. ആയിരത്തോളം ഒഫീഷ്യൽസും രണ്ടായിരത്തോളം വോളന്റിയേഴ്സും കായികമാമാങ്കത്തിന്റെ ഭാഗമാകും.

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പാണ് ഇത്തവണ നൽകുന്നത്. ഒക്ടോബർ 16 ന് കാസർകോഡ് നീലേശ്വരത്ത് നിന്ന് ആരംഭിച്ച ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയുടെ സംസ്ഥാനതല പര്യടനം കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, ജില്ലകൾ താണ്ടി 19ന് വൈകുന്നേരം തിരുവനന്തപുരം ജില്ലയുടെ അതിർത്തിയായ തട്ടത്തുമല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എത്തിച്ചേർന്നു. മന്ത്രി വി.ശിവൻകുട്ടി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ ഉമേഷ്, എം.എൽ.എമാർ, ജനപ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് സ്വീകരണമൊരുക്കി. 20ന് തിരുവനന്തപുരം ജില്ലയിലെ മുഴുവൻ മണ്ഡലങ്ങളിലൂടെയും സ്വർണ്ണക്കപ്പുമായുള്ള ഘോഷയാത്ര സഞ്ചരിക്കും. 21ന് രാവിലെ 10 മണിക്ക് പട്ടം ഗേൾസ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എത്തിച്ചേരുന്ന സ്വർണ്ണക്കപ്പ് ഘോഷയാത്ര അവിടെ നിന്നും ഉദ്ഘാടന വേദിയായ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലേക്ക് എത്തും. ഒക്ടോബർ 19 ന് എറണാകുളത്ത് നിന്ന് ആരംഭിച്ച ദീപശിഖാ പ്രയാണം 21ന് നഗരത്തിലെ വിവിധ സ്കൂളുകളിൽ സ്വീകരണം ഏറ്റുവാങ്ങി പട്ടം ഗേൾസ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ട്രോഫി ഘോഷയാത്രയുമായി ചേരും.

പുത്തരിക്കണ്ടം മൈതാനത്ത് രണ്ടായിരത്തി അഞ്ഞൂറോളം പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള വിപുലമായ ഭക്ഷണശാല ഒരുക്കിയിട്ടുണ്ട്. കൂടാതെ മറ്റ് അഞ്ച് അടുക്കളകളും പ്രവർത്തിക്കുന്നുണ്ട്. പത്ത് വർഷമായി കേരളത്തിൽ ഉണ്ടായ കായിക നേട്ടങ്ങളെ കുറിച്ചുള്ള സമഗ്ര എക്സിബിഷനും അതിന്റെ ഭാഗമായുള്ള ചെറിയ കായിക വിനോദങ്ങളും പുത്തരിക്കണ്ടത്ത് സംഘടിപ്പിക്കുന്നുണ്ട്. കായിക താരങ്ങളുടെ താമസത്തിനായി എഴുപത്തി നാലോളം സ്കൂളുകൾ പ്രത്യേകം സജ്ജീകരിച്ചു. കുട്ടികളുടെ സഞ്ചാരത്തിനായി 142 ബസുകൾ വിവിധ സ്കൂളുകളിൽ നിന്നും സജ്ജമാക്കിയിട്ടുണ്ട്.

സാനിറ്റൈസേഷൻ, ഇടോയ്‌ലറ്റ് സംവിധാനം എന്നിവ ഗ്രൗണ്ടുകളിലും താമസ സ്ഥലങ്ങളിലും സജ്ജീകരിച്ചിട്ടുണ്ട്. മൈതാനങ്ങളിലും താമസ സ്ഥലത്തും പോലീസിന്റെ നേതൃത്വത്തിൽ സുരക്ഷ ക്രമീകരിച്ചിട്ടുണ്ട്. നിരോധിത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ ഗ്രൗണ്ടുകളിലും താമസ സ്ഥലത്തും എക്സൈസിന്റെ പ്രത്യേക ജാഗ്രതാ നിരീക്ഷണം ഉണ്ടായിരിക്കും.

മെഡിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കായിക താരങ്ങൾക്ക് കളിസ്ഥലങ്ങളിലും താമസ സ്ഥലത്തും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സ്പോർട്സ് ആയുർവേദ, ഫിസിയോ തെറാപ്പി, സ്പോർട്സ് മെഡിസിൻ എന്നിവയുടെ സൗകര്യവും ആംബുലൻസ് സർവ്വീസും പ്രത്യേക മെഡിക്കൽ ടീം സേവനവും ഏർപ്പാടാക്കിയിട്ടുണ്ട്.

രജിസ്ട്രേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കായിക താരങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കാനുള്ള നടപടികൾ തുടരുകയാണ്.

# കേരള സ്കൂൾ കായികമേള തീം സോംഗ് പുറത്തിറക്കി

**തിരുവനന്തപുരം:** ഒളിമ്പിക്സ് മാതൃകയിൽ നടത്തുന്ന കേരള സ്കൂൾ കായികമേളയിൽ ആദ്യമായി തീം സോംഗ് പുറത്തിറക്കി. സ്കൂൾ കായിക മേള ചരിത്രത്തിൽ ആദ്യമായി പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ഗാനരചനയും സംഗീത സംവിധാനവും ഗാനാലാപനവും നിർവ്വഹിച്ച് തീം സോംഗ് പുറത്തിറക്കുന്നു എന്ന സവിശേഷതയും ഇത്തവണയുണ്ട്. തിരുവനന്തപുരത്ത് പിആർ ചേംബറിൽ നടന്ന ചടങ്ങിൽ മന്ത്രി വി.ശിവകുട്ടിയാണ് തീം സോങ് പുറത്തിറക്കിയത്. പടുത്തുയർത്താം കായിക ലഹരി എന്ന് തുടങ്ങുന്ന ഗാനത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് പാലക്കാട് പൊറ്റശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥി വി. പ്രഫുൽദാസ് ആണ്.

കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയായ ശിവങ്കരി പി. തങ്കച്ചി ആണ് സംഗീത സംവിധാനം നിർവഹിച്ചത്. കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളായ ശിവങ്കരി പി തങ്കച്ചി, നവമി ആർ വിഷ്ണു, അനഘ എസ് നായർ, ലയ വില്യം, കീർത്തന എ.പി, തൈക്കാട് മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളായ കെ.ആർ നന്ദകിഷോർ, പി.ഹരീഷ്,ആർ. അഥിത്ത് എന്നിവർ ചേർന്നാണ് ഗാനം ആലപിച്ചത്. കൈറ്റ് വിക്ടേഴ്സ് വീഡിയോ പ്രൊഡക്ഷൻ ചെയ്ത ഗാനത്തിന്റെ ഗിറ്റാർ സുരേഷ് പരമേശ്വറും കീബോർഡ് ആന്റ് മിക്സിംഗ് രാജീവ് ശിവയുമാണ് നിർവഹിച്ചത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ ഉമേഷ്, ഐ.ബി സതീഷ് എം.എൽ.എ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ ഗാനം ഒരുക്കിയ വിദ്യാർത്ഥികളെ മന്ത്രി പ്രത്യേകം അനുമോദിച്ചു. സംസ്ഥാന സ്കൂൾ കായികമേളയുടെ കൈപ്പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. വിവിധ മത്സര കാറ്റഗറികൾ, കേരള സ്കൂൾ കായികമേള അത്‌ലറ്റിക്സ് മീറ്റ് റെക്കോർഡുകൾ, നീന്തൽ മീറ്റ് റെക്കോർഡുകൾ, ഓഡർ ഓഫ് ഈവന്റ്സ് നീന്തൽ, വിവിധ സബ് കമ്മിറ്റികളും ചുമതലകളും, കേരള സ്കൂൾ കായികമേള കലണ്ടർ തുടങ്ങിയവയാണ് കൈപ്പുസ്തകത്തിൻറെ ഉള്ളടക്കം.

രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിച്ച കഴിഞ്ഞ തവണത്തെ കൊച്ചി കായികമേളയുടെ ഡോക്യുമെന്റും ചടങ്ങിൽ പ്രകാശനം ചെയ്തു. മേളയുടെ സംഘാടനം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ ഈ സമഗ്രമായ ഡോക്യുമെന്റ് നാളെയുടെ പൊതുവിദ്യാഭ്യാസ മേഖലയുടെ കായിക മത്സരങ്ങളുടെ നടത്തിപ്പിന് മുതൽക്കൂട്ടാകുമെന്ന് മന്ത്രി ശിവൻകുട്ടി പറഞ്ഞു.

## സ്കൂൾ കായികമേള നടത്തിപ്പും കാഴ്ചയും ഹൈടെക്കാക്കാൻ കൈറ്റ്

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ നടത്തിപ്പും കാഴ്ചയും ഹൈടെക്കാക്കാൻ എല്ലാ സംവിധാനങ്ങളും പൊതു വിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഏർപ്പെടുത്തി.

സബ് ജില്ലാതലം മുതൽ സംസ്ഥാനതലം വരെ 742 ഇനങ്ങളുടെ (പുതുതായി ഉൾപ്പെടുത്തിയ കളരിപ്പയറ്റ് മത്സരം ഉൾപ്പെടെ) മത്സര നടത്തിപ്പിന്റെ മുഴുവൻ വിശദാംശങ്ങളും കൈറ്റ് തയ്യാറാക്കിയ www.sports.kite.kerala.gov.in പോർട്ടൽ വഴിയാണ് ലഭ്യമാക്കുന്നത്. 12 വേദികളിലായി നടക്കുന്ന കായികോത്സവത്തിന്റെ എല്ലാ മത്സര വേദികളിലേയും തത്സമയ ഫലങ്ങളും, മത്സര പുരോഗതിയും, മീറ്റ് റെക്കോർഡുകളും സർട്ടിഫിക്കറ്റുകളുമെല്ലാം ഈ പോർട്ടലിലൂടെ ലഭിക്കും. ജില്ലയും സ്കൂളും തിരിച്ചും വിജയികളുടെ ചിത്രങ്ങളോടെയുമുള്ള ഫലങ്ങൾ പോർട്ടലിൽ ലഭ്യമാകും. ഓരോ കുട്ടിയുടെയും സബ് ജില്ലാതലം മുതൽ ദേശീയതലം വരെയുള്ള എല്ലാ പ്രകടന വിവരങ്ങളും കൃത്യമായി ട്രാക്ക് ചെയ്യാനുള്ള എസ്.എസ്.യു.ഐ.ഡിയും (സ്കൂൾ സ്പോർട്സ് യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ) നിലവിലുണ്ട്.എല്ലാ ദിവസവും രാവിലെ 6:30 ന് മത്സരങ്ങൾ ആരംഭിക്കുന്നത് മുതൽ മത്സരങ്ങൾ അവസാനിക്കുന്ന രാത്രി എട്ടു മണി വരെ പ്രധാനപ്പെട്ട അഞ്ച് വേദികളിൽ നിന്ന് കൈറ്റ് വിക്ടേഴ്സ് തത്സമയ സംപ്രേഷണം നടത്തും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് സ്റ്റുഡിയോ ഫ്ളോർ സജ്ജീകരിക്കുന്നത്. ഇതിന് പുറമെ സെൻട്രൽ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ്, ജി.വി. രാജ സ്പോർട്സ് സ്കൂൾ എന്നീ കേന്ദ്രങ്ങളിൽ നിന്നും വിപുലമായ ലൈവ് കവറേജുണ്ടാകും. മറ്റു വേദികളിൽ നിന്നുള്ളവ ഡിഫേർഡ് ലൈവ് ആയും സംപ്രേഷണം ചെയ്യും. മത്സര വിവരങ്ങളും, പോയിന്റ് നിലകളും, വിജയികളെക്കുറിച്ചുള്ള വിവരങ്ങളും, അഭിമുഖങ്ങളും, ഫൈനലുകളുടെ സ്ലോമോഷൻ റിവ്യൂകളും കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യും.

## ശാസ്ത്ര ചരിത്ര ശിൽപ്പശാല നടത്തി

**ഇടുക്കി:** ശിശുക്ഷേമസമിതിയും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി ശാസ്ത്ര ചരിത്ര ശില്പശാല സംഘടിപ്പിച്ചു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി. ജേക്കബ് പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ ശിശുക്ഷേമസമിതി വൈസ് പ്രസിഡന്റ് ഷൈലജ സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. കുട്ടികൾക്കായി ശാസ്ത്രചരിത്ര വിജ്ഞാന സെഷനുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായാണ് ജില്ലാ ശിശുക്ഷേമ സമിതി ബാലാവകാശ പ്രസ്ഥാനങ്ങളുടെയും വിദഗ്ദ വളന്റിയർമാരുടെയും നേതൃത്വത്തിൽ ശിൽപ്പശാല കാൽവരി മൗണ്ടിൽ സംഘടിപ്പിച്ചത്. പരിപാടിയിൽ സെക്രട്ടറി ഡിറ്റാജ് ജോസഫ്, സംഘാടകസമിതി ചെയർമാൻ റോമിയോ സെബാസ്റ്റിൻ, സംസ്ഥാന ഫാക്കൽറ്റി റ്റി.കെ. നാരായണദാസ്, പി. കെ രാജു, എന്നിവരും ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി 85 കുട്ടികളും പങ്കെടുത്തു.

## ഗുണമേന്മയുള്ള നെൽവിത്ത് ഉൽപാദനം: ആർ.എസ്.ജി.പി പദ്ധതിക്ക് തിരുമാറാടിയിൽ തുടക്കം

**പിറവം:** ഗുണമേന്മയുള്ള നെൽവിത്ത് ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന റൈസ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിന് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിൽ തുടക്കമായി. തിരുമാറാടി വാളിയപ്പാടം പാടശേഖരത്തിൽ ഉമ ഇനത്തിൽപ്പെട്ട ഞാറ് നട്ടുകൊണ്ടാണ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. തിരുമാറാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എം ജോർജ്ജ് ഉദ്ഘാടനം നിർവഹിച്ചു.

കൃഷിവകുപ്പിന്റെയും കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്തുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും പ്രാദേശികമായി വിത്ത് ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. രജിസ്റ്റർ ചെയ്ത കർഷകർക്ക് വിത്ത് സൗജന്യമായി നൽകുകയും, ഉൽപാദിപ്പിക്കുന്ന സർട്ടിഫൈഡ് നെൽവിത്തുകൾ നിശ്ചിത വിലയ്ക്ക് അതോറിറ്റി ഏറ്റുവാങ്ങുകയും ചെയ്യും. കർഷകർക്ക് വരുമാനവും ഗുണമേന്മയുള്ള വിത്തുകളുടെ ലഭ്യതയും ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

ചടങ്ങിൽ തിരുമാറാടി പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ മുരളീധര കൈമൾ, കൃഷിവകുപ്പ് പിറവം ബ്ലോക്ക് അസിസ്റ്റൻറ് ഡയറക്ടർ ആഭാ രാജ്, കൃഷി ഓഫീസർ സി.ഡി. സന്തോഷ്, കാർഷിക വികസന സമിതി അംഗങ്ങളായ ജേക്കബ് ജോൺ, ബേബി പുതിയ കുന്നേൽ, പാടശേഖര സമിതി ഭാരവാഹികളായ സിറിയക് ജോൺ, എം.കെ രമണൻ, ഏലിയാസ് പുതുശ്ശേരി, ജോർജ്ജ് മാളികയിൽ, കെ.എം ഏലിയാസ്, അസിസ്റ്റന്റ് കൃഷി ഓഫീസർ സിബി അഗസ്റ്റിൻ, കൃഷി അസിസ്റ്റന്റുമാരായ സി.വി ബിനോയ്, റോബിൻ പൗലോസ്, ഇഫ്കോ മാനേജർ ദിൽരാജ് എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അധ്യാപകർക്ക് 31 ലക്ഷം രൂപയുടെ കേന്ദ്ര ധനസഹായം

**കൊച്ചി:** സംസ്കൃത ഭാഷയുടെ പരിപോഷണത്തിനും പ്രചാരണത്തിനുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് ഏഴ് ഗവേഷണ പദ്ധതികൾ അനുവദിച്ച് ഉത്തരവായതായി സർവ്വകലാശാല അറിയിച്ചു. സർവ്വകലാശാലയിലെ അഞ്ച് സംസ്കൃതം അധ്യാപകർക്ക് അഞ്ച് വിവിധ ഗവേഷണ പദ്ധതികളിലായി 31 ലക്ഷം രൂപയുടെ ധനസഹായമാണ് അനുവദിച്ചിരിക്കുന്നത്. ന്യൂഡൽഹിയിലെ സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി മുഖേന കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം 2025-2026 വർഷത്തെ അഷ്ടാദശി പദ്ധതിക്ക് കീഴിലാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് അഞ്ച് ഗവേഷണ പദ്ധതികൾ അനുവദിച്ച് ഉത്തരവായിരിക്കുന്നത്. പ്രഗത്ഭരായ സംസ്കൃത പണ്ഡിതരുടെ സേവനം സർവ്വകലാശാലകൾക്ക് പ്രയോജനപ്രദമാക്കുന്നതിനുള്ള ശാസ്ത്രചൂഡാമണി പദ്ധതിയിൽ സർവ്വകലാശാലയിൽ നിന്നും വിരമിച്ച രണ്ട് സംസ്കൃതം പ്രൊഫസർമാർ സമർപ്പിച്ച പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

കാലടി മുഖ്യ കേന്ദ്രത്തിലെ ഡോ. കെ. എം. സംഗമേശൻ (സംസ്കൃതം സാഹിത്യം), ഡോ. സി. ആർ ലിഷ (സംസ്കൃതം ജനറൽ), ഡോ. ശിവജ എസ്. നായർ (സംസ്കൃതം ജനറൽ), ഡോ. ആതിര ജാതവേദൻ (സംസ്കൃതം ജനറൽ), തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഡോ. കെ. അബ്ദുൾ റഷീദ് (സംസ്കൃതം വ്യാകരണം) എന്നീ അധ്യാപകർക്കാണ് അഷ്ടാദശി പദ്ധതി പ്രകാരം വിവിധ ഗവേഷണ പദ്ധതികൾക്ക് കേന്ദ്ര ധനസഹായം ലഭിച്ചത്. സർവ്വകലാശാലയിൽ നിന്നും വിരമിച്ച സംസ്കൃത പണ്ഡിതരായ പ്രൊഫ. വി. രാമകൃഷ്ണ ഭട്ട് (സംസ്കൃതം ന്യായം), പ്രൊഫ. വി. ആർ മുരളീധരൻ (സംസ്കൃതം സാഹിത്യം) എന്നിവർ സമർപ്പിച്ച ഗവേഷണ പദ്ധതികൾക്ക് ശാസ്ത്രചൂഡാമണി പദ്ധതിയിലൂടെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

കാലടി മുഖ്യ കേന്ദ്രത്തിലെ സംസ്കൃതം ജനറൽ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സി. ആർ ലിഷ, ഡോ. ശിവജ എസ്. നായർ എന്നിവർക്ക് സമകാലിക സാഹിത്യം, വിജ്ഞാനശാഖ വിവർത്തനം എന്നീ രണ്ട് ഗവേഷണ പദ്ധതികളിലായാണ് 15 ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചത്. സമകാലിക സാഹിത്യ വിഭാഗത്തിൽ സമകാലിക സംസ്കൃത സാഹിത്യം: സാമൂഹിക വിദ്യാഭ്യാസ സംസ്കാരിക പ്രതിഫലനം, വിജ്ഞാനശാഖ വിവർത്തനം വിഭാഗത്തിൽ കേരളോദയ വ്യാഖ്യാനത്തിന്റെയും വിശകലനത്തിന്റെയും വിവർത്തനത്തിനായുള്ള ഡിജിറ്റൽ പഠനോപകരണ കിറ്റ് എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനാണ് യഥാക്രമം പത്ത് ലക്ഷം, അഞ്ച് ലക്ഷം എന്നിങ്ങനെ ഡോ. സി. ആർ ലിഷ, ഡോ. ശിവജ എസ്. നായർ എന്നിവർ സംയുക്തമായി സമർപ്പിച്ച ഗവേഷണ പദ്ധതികൾക്ക് ധനസഹായം ലഭിച്ചിരിക്കുന്നത്.

കാലടി മുഖ്യ കേന്ദ്രത്തിലെ സംസ്കൃതം സാഹിത്യ വിഭാഗം പ്രൊഫസർ ഡോ. കെ. എം സംഗമേശന് താളിയോലകളുടെ എഡിറ്റിംഗും പ്രസാധനവും വിഭാഗത്തിലാണ് ഒൻപത് ലക്ഷം രൂപയുടെ ഗവേഷണ പദ്ധതിയ്ക്ക് ധനസഹായം ലഭിച്ചത്. പ്രയോഗ മഞ്ജരിയെ കുറിച്ചുള്ള പ്രദ്യോത വ്യാഖ്യാനത്തിന്റെ വിമർശനാത്മക പഠനം എന്നതാണ് ഗവേഷണ വിഷയം. സംസ്കൃതത്തെ ആധുനിക വിഷയങ്ങളുമായി സംയോജിപ്പിക്കുന്ന വിഷയത്തിൽ കാലടി മുഖ്യ കേന്ദ്രത്തിലെ സംസ്കൃതം ജനറൽ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫ.ഡോ. ആതിര ജാതവേദൻ ആറ് ലക്ഷം രൂപയുടെ ധനസഹായം നേടി. ഹസ്തലക്ഷണദീപിക: കേരളത്തിന്റെ പാരമ്പര്യ കലാരൂപമായ കഥകളിയെ ആസ്പദമാക്കിയുള്ള പഠനവും വ്യാഖ്യാനവും എന്നതാണ് ഗവേഷണ വിഷയം.

വൊക്കേഷണൽ ട്രെയ്നിംഗ് ഫോർ സാൻസ്ക്രിറ്റ് പ്രമോഷൻ വിഭാഗത്തിൽ തിരൂർ പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃതം വ്യാകരണം വിഭാഗം അസിസ്റ്റന്റ് പ്രൊഫ.ഡോ. കെ. അബ്ദുൾ റഷീദിന് ഒരു ലക്ഷം രൂപയുടെ ഗവേഷണ പദ്ധതിയ്ക്കാണ് ധനസഹായം ലഭിച്ചത്. വിവിധ ഗവേഷണ പദ്ധതികൾക്ക് കേന്ദ്ര ധനസഹായം നേടിയ അധ്യാപകരെ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരിയും രജിസ്ട്രാറും സംസ്ഥാനത്തെ സംസ്കൃത പ്രചാരണ പദ്ധതിയുടെ നോഡൽ ഓഫീസറുമായ ഡോ. മോത്തി ജോർജ്ജും അഭിനന്ദിച്ചു.



# കേരള ഡെർബി: കാലിക്കറ്റ് ഹീറോസിനെ തകർത്ത് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് നാലാം സീസണിലെ കേരള ഡെർബിയിൽ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന് ജയം. നിലവിലെ ജേതാക്കളായ കാലിക്കറ്റ് ഹീറോസിനെ നാല് സെറ്റ് പോരാട്ടത്തിൽ കീഴടക്കി. സ്കോർ: 15-13, 9-15, 15-8, 15-3. പി.എ മൊഹ്സിൻ ആണ് കളിയിലെ താരം. ബ്ലോക്കർ ജസ്ജോത് സിങ്ങിന്റെ നേതൃത്വത്തിൽ മികച്ച തുടക്കമാണ് കൊച്ചി കുറിച്ചത്. എറിൻ വർഗീസിന്റെ സൂപ്പർ സെർവിൽ അവർ ലീഡും ഉയർത്തി. അശോക് ബിഷ്ണോയിയാണ് കാലിക്കറ്റിനായി പൊരുതിയത്. പിന്നാലെ കൊച്ചിയുടെ ആക്രമണങ്ങളെ ഷമീമുദീൻ തടഞ്ഞു. ക്യാപ്റ്റൻ മോഹൻ ഉക്രപാണ്ഡ്യനും തിളങ്ങിയതോടെ കാലിക്കറ്റ് കളിപിടിക്കാൻ തുടങ്ങി. പക്ഷേ, കാലിക്കറ്റിന്റെ പോരാട്ടത്തിനിടയിലും ഹേമന്തിന്റെ സൂപ്പർ സ്പൈക്കിലൂടെ കൊച്ചി ആദ്യ സെറ്റ് സ്വന്തമാക്കി. രണ്ടാം സെറ്റിൽ ഷമീമും സന്തോഷും ചേർന്നാണ് കാലിക്കറ്റിന്റെ തിരിച്ചുവരവിന് വഴിയൊരുക്കിയത്. സെറ്റർ മൊഹ്സിൻ കൊച്ചിക്കായി നിരവധി അവസരങ്ങൾ ഒരുക്കിയെങ്കിലും ബിഷ്ണോയിയുടെ മികവിൽ കാലിക്കറ്റ് തിരിച്ചുവന്നു. ഇതോടെ കൊച്ചി ബ്ലോക്കർ അമരീന്ദർപാൽ സിങ്ങിനെ കളത്തിലേക്ക് തിരികെകൊണ്ടുവന്നു. പക്ഷേ, ബിഷ്ണോയി വിടവുകൾ കണ്ടെത്തി പോയിന്റുകൾ നേടിക്കൊണ്ടിരുന്നു. പിന്നാലെ സൂപ്പർ പോയിന്റിലൂടെ കാലിക്കറ്റിനെ ഒപ്പമെത്തിക്കുകയും ചെയ്തു. ജസ്ജോതിന്റെ മിടുക്കിലാണ് കൊച്ചി ഉണർന്നത്. എറിന്റെ തുടർച്ചയായ ആക്രമണങ്ങളും കാലിക്കറ്റിനെ സമ്മർദത്തിലാക്കി. കാലിക്കറ്റ് ലിബെറോ മുകേഷ് പ്രതിരോധത്തിൽ തിളങ്ങിയെങ്കിലും അമലിന്റെ മികവിൽ കൊച്ചി വീണ്ടും ലീഡ് എടുത്തു. അബ്ദുൾ റഹീമിന്റെ പോരാട്ടത്തിലാണ് കാലിക്കറ്റ് തിരിച്ചുവരാൻ ശ്രമിച്ചത്. എന്നാൽ അമലും എറിനും ആ സാധ്യതകൾ അവസാനിപ്പിക്കുകയായിരുന്നു.തുടർച്ചയായ രണ്ട് സൂപ്പർ പോയിന്റുകളിലൂടെയായിരുന്നു മുന്നേറ്റം. ഒടുവിൽ ഹേമന്തിന്റെ ഓൾ റൗണ്ട് മികവിൽ കൊച്ചി ജയം പൂർത്തിയാക്കി. സീസണിൽ ഒരു ജയം മാത്രം നേടിയാണ് കാലിക്കറ്റ് മടങ്ങുന്നത്. രണ്ടാം ജയത്തോടെ കൊച്ചി എട്ടാമതെത്തി. ഒരു കളി ബാക്കിയുണ്ട്.

# അമൃത് 2.0 കുടിവെള്ള പദ്ധതി: നാലാംഘട്ടത്തിനു കരാറായി

**പത്തനംതിട്ട:** ജില്ലാ ആസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയായ അമൃത് 2.0 യുടെ നാലാം ഘട്ടമായ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിക്കു കരാറായി. നഗരത്തിലെ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുന്ന പദ്ധതിയാണ് അമൃത്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നഗരസഭ ഫണ്ട് കൂടി വിനിയോഗിച്ചാണ് നടപ്പാക്കുന്നത്. നഗരത്തിലെ പരുവപ്ലാക്കൽ, പൂവമ്പാറ, വഞ്ചികപൊയ്ക എന്നീ ഉയർന്ന പ്രദേശങ്ങളിൽ ജലസംഭരണികൾ നിർമിച്ചു ബൂസ്റ്റർ സംവിധാനം ഒരുക്കുന്ന 8.70 കോടി രൂപയുടെ ടെൻഡറിന് കഴിഞ്ഞ 15ന് ജലഅതോറിറ്റി സതേൺ മേഖല ചീഫ് എൻജിനിയർ അംഗീകാരം നൽകി.


ആദ്യ രണ്ടുഘട്ടങ്ങളിലായി ഇൻടേക്ക് കിണറിന്റെ നവീകരണവും കളക്ഷൻ ചേമ്പർ നിർമാണവും പൂർത്തിയായി. 3.5 കോടി രൂപ വിനിയോഗിച്ച് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന ജോലിയും പൂർത്തിയായി.

പ്രതിദിനം 10 ദശലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിച്ചു വിതരണം ചെയ്യാൻ കഴിയുന്ന പ്ലാന്റിന്റെ നിർമാണ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു.

അമൃത് പദ്ധതി പൂർത്തിയാകുന്നതോടെ നഗരത്തിലെ കുടിവെള്ള പ്രശ്നത്തിനു ശാശ്വത പരിഹാരമാകും. സമയബന്ധിതമായി പ്രവർത്തനം പൂർത്തീകരിക്കാൻ കരാർ എടുത്ത സ്ഥാപനവുമായി ചർച്ച നടത്തിയതായും നിർമാണോദ്ഘാടനം 27ന് നടത്തുമെന്നും നഗരസഭാ ചെയർമാൻ ടി.സക്കീർ ഹുസൈൻ പറഞ്ഞു.

പ്രധാന ജലസ്രോതസായ അച്ചൻകോവിലാറ്റിൽ ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള ജലദൗർലഭ്യംകൂടി കണക്കിലെടുത്ത് മണിയാർ ഡാമിൽനിന്നു വെള്ളം എത്തിക്കാനുള്ള പദ്ധതിയും നഗരസഭ സംസ്ഥാന സർക്കാരിനു സമർപ്പിച്ചിട്ടുണ്ടെന്നു ചെയർമാൻ പറഞ്ഞു.

# ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് ഇന്ത്യ മിനി ഇംഗ്ലീഷ്മലയാളം നിഘണ്ടു പുറത്തിറക്കി




**കൊച്ചി;** ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് ഇന്ത്യ (ഒയുപി) ലോക നിഘണ്ടു ദിനാഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും, ഭാഷാ പഠിതാക്കൾക്കും, വായനക്കാർക്കുമായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഏറ്റവും പുതിയ മിനി ഇംഗ്ലീഷ്, മലയാളം നിഘണ്ടു പുറത്തിറക്കി. കേരളത്തിലെ പരമ്പരാഗത നിഴൽ പാവകൂത്ത് രൂപമായ തോൽപ്പാവക്കൂത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് തയ്യാറാക്കിയ പുറംചട്ടയോടുകൂടിയ മിനി ഇംഗ്ലീഷ്മലയാളം നിഘണ്ടു, ദേശത്തിന്റെ സമ്പന്നമായ കലാപരവും സാംസ്കാരികവുമായ പൈതൃകത്തെ ആഘോഷിക്കുന്നതിനൊപ്പം ഒരു പ്രായോഗിക പഠന കൂട്ടാളിയായി പ്രവർത്തിക്കുകയും ചെയ്യുന്നതായി ഒയുപി അറിയിച്ചു. 20,000ത്തിലധികം വാക്കുകളും അവയുടെ ഉത്ഭവങ്ങളും മലയാളത്തിലുള്ള വിശദമായ വിവർത്തനങ്ങളും അസാധാരണ നാമങ്ങൾ, ക്രിയകൾ, നാമവിശേഷണങ്ങൾ എന്നിവ സംബന്ധിച്ച വ്യാകരണ വിവരങ്ങളും നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്സവ സീസണിൽ, മലയാളം, ഗുജറാത്തി, ബംഗാളി, കന്നഡ, മറാത്തി എന്നിവ ഉൾക്കൊള്ളുന്ന മിനി, കോംപാക്റ്റ് ഫോർമാറ്റുകളിലുള്ള പുതിയ പതിപ്പുകൾ ഒയുപി പുറത്തിറക്കി. സമകാലികവും യഥാർത്ഥവുമായ ഉപയോഗത്തിൽ പഠിതാക്കളെ പിന്തുണയ്ക്കുന്നതിനാണ് ഭാഷയുടെയും പഠനത്തിന്റെയും ഒരു ആഘോഷമായ ഓക്സ്ഫോർഡിന്റെ പുതിയ മിനി ഇംഗ്ലീഷ്, മലയാളം നിഘണ്ടു രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് ഇന്ത്യ, മാനേജിംഗ് ഡയറക്ടർ സുകാന്ത ദാസ് പറഞ്ഞു.

# കാലിത്തീറ്റകൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തും: മന്ത്രി ചിഞ്ചുറാണി

**ചേർത്തല:** കാലിത്തീറ്റ കമ്പനികളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റകൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുമെന്നും ഏതെങ്കിലും കമ്പനിയുടെ തീറ്റ കഴിച്ച് പശുക്കൾ ചത്താൽ അവർ പകരം പശുവിനെ നൽകണമെന്നും അല്ലാത്തപക്ഷം ആ കമ്പനി അടച്ചുപൂട്ടുന്നുതിനുള്ള പുതിയ നിയമം കേരളത്തിൽ നടപ്പാക്കുമെന്നും ക്ഷീര വികസന മൃഗസംരക്ഷണമന്ത്രി ചിഞ്ചുറാണി പറഞ്ഞു. ക്ഷീരവികസന വകുപ്പിന്റെ ആലപ്പുഴ ജില്ലാ സംഗമത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ചിഞ്ചു.

കേന്ദ്രവും കേരളവും ചേർന്ന് പുതിയ സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ കൊണ്ടുവരും. ഇതിന്റെ ഉദ്ഘാടനം ഈ മാസം തന്നെ ഉണ്ടാകും. കേന്ദ്ര സർക്കാർ 29 വെറ്ററിനറി ആംബുലൻസ് നൽകിയപ്പോൾ കേരള സർക്കാർ 56 ആംബുലൻസുകൾ വിവിധ ബ്ലോക്കുകളിൽ കൂടി നൽകി. 1962 എന്ന കോൾ സെന്ററിലെ നമ്പറിൽ ക്ഷീരകർഷകർ വിളിച്ചാൽ ആംബുലൻസും ഡോക്ടറുടെയും സേവനം വീട്ടുമുറ്റത്ത് കിട്ടും.

ബ്ലോക്ക് പഞ്ചായത്തിലൂടെ നൽകുന്ന ക്ഷീര മരുന്നുകൾ ആംബുലൻസ് വഴിയും നൽകാൻ കഴിയും. വൈകുന്നേരം നാലു മുതൽ രാത്രി 12 വരെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഓപ്പറേഷൻവരെ നടത്താനുള്ള സൗകര്യം ആംബുലൻസിൽ സേവനം ലഭ്യമാണ്.കേരള ബാങ്ക് വഴി കർഷകർക്ക് അഞ്ചു മുതൽ 10 വരെയുള്ള പശുക്കളെ വാങ്ങാൻ വായ്പ വഴി നൽകും. ഇതിനുവേണ്ടി വരുന്ന പലിശ ക്ഷീരവകുപ്പിൽനിന്നും നൽകും.കയർത്തൊഴിലാളികൾക്ക് രണ്ടു പശുവിനെ വാങ്ങാൻ 95,000 രൂപ വായ്പ ക്ഷീരവകുപ്പ് നൽകും. ആലപ്പുഴ ജില്ലയിൽ മാത്രം ഈ വായ്പ 18 പേർക്ക് നൽകി. ക്ഷീരകർഷകരുടെ മക്കൾക്ക് മിൽമയിൽ വരുന്ന ജോലി ഒഴിവുകളിൽ മുൻഗണന നൽകുമെന്നും ചിഞ്ചു പറഞ്ഞു.

കാവിൽ സെന്റ് മൈക്കിൾസ് പാരീഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിച്ചു. ജില്ലയിലെ മികച്ച കർഷകരായ വത്സല, വത്സ, പ്രസന്നകുമാരി എന്നിവരെ ചടങ്ങിൽ ആദരിച്ചു. ക്ഷീര വികസനവകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് റിപ്പോർട്ട് അവതരിപ്പിച്ചു. ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം ടി.ആർ.സി.എം.പി.യു ചെയർമാൻ മണി വിശ്വനാഥ് വിതരണം ചെയ്തു.




# കനോലി ബാൻഡ് സെറ്റ്

റോഷൻ ചന്ദ്ര, ലിഷാ പൊന്നി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഗൗതം രവീന്ദ്രൻ കഥ, തിരക്കഥ, സംഭാഷണം എഴുതി സംവിധാനം ചെയ്യുന്ന കനോലി ബാൻഡ് സെറ്റ് ഒക്ടോബർ 24 ന് പ്രദർശനത്തിനെത്തുന്നു.

കുമാർ സുനിൽ, സാജു കൊടിയൻ, മേഘനാഥൻ, എൻ ആർ രജീഷ്, സതീഷ് കലാഭവൻ, റിഷി സുരേഷ്, സുന്ദർ പാണ്ഡ്യൻ, അജയഘോഷ് എൻ. ഡി,കമൽ മോഹൻ, വിജയൻ വി. നായർ, ജാനകി കോവിൽതോട്ടം തുടങ്ങിയവരാണ് മറ്റു അഭിനേതാക്കൾ. വെസ്റ്റേൺ ബ്രീസ് പിക്ചേഴ്സിന്റെ ബാനറിൽ ബാബു കാരാട്ട്, സി. കെ സുന്ദർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എസ്. ഇന്ദ്രജിത്ത് നിർവ്വഹിക്കുന്നു. സംവിധായകൻ ഗൗതം രവീന്ദ്രൻ എഴുതിയ വരികൾക്ക് ഉന്മേഷ് സംഗീതം പകരുന്നു, ഓർക്കസ്ട്രേഷൻ ജിനേഷ് വത്സൻ, എഡിറ്റർ റഷിൻ അഹമ്മദ്, പ്രൊഡക്ഷൻ കൺട്രോളർ ദാസ് വടക്കഞ്ചേരി, കല സജിത്ത് മുണ്ടയാട്, മേക്കപ്പ് രാജേഷ് നെന്മാറ, അനിൽ നേമം, വസ്ത്രാലങ്കാരം സോബിൻ ജോസഫ്, സ്റ്റിൽസ് ജയപ്രകാശ് അതളൂർ, വിപിൻ വേലായുധൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ വിനയ് ചെന്നിത്തല, ആയൂഷ് സുന്ദർ, ബാൻഡ് ലൈവ് റിക്കോർഡിങ് ഗണേശ് മാരാർ, സൗണ്ട് മിക്സിംഗ്‌രാധാകൃഷ്ണൻ, ഡിഐ മഹാദേവൻ, ബിജിഎം സിബു സുകുമാരൻ, സൗണ്ട് എഫക്റ്റ് രാജ് മാർത്താണ്ഡം, പ്രൊജക്ട് കോ ഓർഡിനേറ്റർ എൽ. പി സതീഷ്, ഫിനാൻസ് കൺട്രോളർ പ്രഭാകരൻ കാട്ടുങ്കൽ, പ്രൊജക്ട് ഡിസൈനർ അരുൺ ലാൽ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് റോയി തൈക്കാടൻ, സുജിത് ഐനിക്കൽ, പരസ്യകല ടി.വി ശ്യാംപ്രസാദ്, പി. ആർ. ഒ എ.എസ് ദിനേശ്.




# ദി കോമ്രേഡ്

കേരള രാഷ്ട്രീയത്തിലെ കഴിഞ്ഞ 80 വർഷ കാലയളവിലെ സംഭവ വികാസങ്ങൾ പ്രമേയമാക്കി ഒരുങ്ങുന്ന ചിത്രം ദി കോമ്രേഡ്ന്റെ ടൈറ്റിൽ പോസ്റ്റർ മന്ത്രി പി.എ മുഹമ്മദ് റിയാസ് റിലീസ് ചെയ്തു. ദി കോമ്രേഡിൽ മലയാളത്തിലെ താരനിര അണിനിരക്കുന്നുണ്ട്. വെള്ളം, സുമതി വളവ് തുടങ്ങിയ ചിത്രങ്ങൾ നിർമ്മിച്ച മുരളി കുന്നുംപുറത്ത് വാട്ടർമാൻ ഫിലിംസിന്റെ ബാനറിൽ നിർമ്മിക്കുന്ന ബിഗ് ബഡ്ജറ്റ് ചിത്രമാണിത്. ദി കോമ്രേഡ് ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിക്കുന്നത് പി.എം തോമസ് കുട്ടിയാണ്. നാളിതുവരെ മലയാളത്തിൽ ഇറങ്ങിയ പൊളിറ്റിക്കൽ ചിത്രങ്ങളിൽ നിന്ന് വളരെ വ്യത്യസ്തതയുള്ള ജോണറിൽ ഒരുങ്ങുന്ന ചിത്രം ദി കോമ്രേഡ് കഴിഞ്ഞ എൺപതു വർഷത്തെ കേരള രാഷ്ട്രീയത്തിന്റെ സംഭവ വികാസങ്ങൾ പശ്ചാത്തലമാക്കി പ്രേക്ഷകന് തിയേറ്റർ എക്സ്പീരിയൻസ് സമ്മാനിക്കുന്ന രീതിയിലാണ് ഒരുങ്ങുന്നതെന്നു സംവിധായകൻ തോമസ് കുട്ടി അഭിപ്രായപ്പെട്ടു.

കേരളത്തിലെ രാഷ്ട്രീയ പശ്ചാത്തലത്തിൽ മലയാളത്തിലെ പത്തോളം മുഖ്യധാര അഭിനേതാക്കളും മറ്റു താരങ്ങളും അണിനിരക്കുന്ന പൊളിറ്റിക്കൽ ചിത്രമായിരിക്കും ദി കോമ്രേഡ് എന്ന് നിർമ്മാതാവ് മുരളി കുന്നുംപുറത്ത് പറഞ്ഞു. ചിത്രത്തിന്റെ താരങ്ങളുടെയും മറ്റു സാങ്കേതിക പ്രവർത്തകരെയും കുറിച്ചുള്ള വിവരങ്ങൾ വരും നാളുകളിൽ പ്രേക്ഷകരിലേക്കെത്തുമെന്നു വാട്ടർമാൻ ഫിലിംസ് അറിയിച്ചു. പി .ആർ. ഒ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ്: പ്രതീഷ് ശേഖർ.




# ചെറുക്കനും പെണ്ണും

ശ്രീജിത്ത് വിജയ്, ദിലീഷ് പോത്തൻ, ദീപ്തി,റിയ സൈറ, മിഥുൻ,അഹമ്മദ് സിദിഖ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി പ്രദീപ് നായർ സംവിധാനം ചെയ്യുന്ന റൊമാന്റിക് ത്രില്ലർ ചിത്രമായ ചെറുക്കനും പെണ്ണും ഒക്ടോബർ 31 ന് പ്രദർശനത്തിനെത്തുന്നു. നന്തിയാട്ട് ഫിലിംസിന്റെ ബാനറിൽ സജി നന്തി യാട്ട് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം മനോജ് മുണ്ടയാട്ട് നിർവ്വഹിക്കുന്നു. പ്രദീപ് നായർ,രാജേഷ് വർമ്മ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.റഫീഖ് അഹമ്മദ്, ശ്രീപ്രസാദ് എന്നിവരുടെ വരികൾക്ക് അരുൺ സിദ്ധാർഥ്,രതീഷ് വേഗ എന്നിവർ സംഗീതം പകരുന്നു. എഡിറ്റിംഗ് ജോൺ കുട്ടി, പ്രൊഡക്ഷൻ കൺട്രോളർ ഷിബു ജി സുശീലൻ, കോസ്റ്റ്യൂം ഡിസൈനർ കുമാർ എടപ്പാൾ, കലാ സംവിധാനം മഹേഷ് ശ്രീധർ, വിനോദ്. പി. ശിവരാം, സൗണ്ട് മിക്സിങ്, സ്റ്റിൽസ് അർഷൽ പട്ടാമ്പി, ശ്രീനി മഞ്ചേരി. വിതരണം നന്തിയാട്ട് റിലീസ്, പി ആർ ഒഎ എസ് ദിനേശ്.

# കൽക്കത്ത ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ എ പ്രഗനന്റ് വിഡോ മത്സരവിഭാഗത്തിൽ

31ാമത് കൽക്കത്ത ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഉണ്ണി കെ. ആർ സംവിധാനം ചെയ്ത എ പ്രഗനന്റ് വിഡോ തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ സിനിമ മത്സരവിഭാഗത്തിലേക്കാണ് ചിത്രം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. മലയാളത്തിൽ നിന്നും മത്സര വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏക ചിത്രമാണ് എ പ്രഗനന്റ് വിഡോ. ഒരു അടിസ്ഥാന വിഭാഗത്തിലെ ഗർഭിണിയായ വിധവ അവകാശങ്ങൾക്കായി നടത്തുന്ന പോരാട്ടത്തിന്റെയും അതിജീവനത്തിന്റേയും കഥപറയുന്ന ചിത്രമാണ് എ പ്രഗനന്റ് വിഡോ. ഉണ്ണി കെ. ആറിന്റെ കഥയ്ക്ക് പത്രപ്രവർത്തകനായ രാജേഷ് തില്ലങ്കേരിയാണ് തിരക്കഥയും സംഭാഷണവുമൊരുക്കുന്നത്. നവംബർ 6 മുതൽ 13 വരെ കൽക്കത്തയിൽ വച്ചാണ് ഫെസ്റ്റിവൽ നടക്കുന്നത്. ഒങ്കാറ എന്ന ചിത്രത്തിനുശേഷം ഉണ്ണി കെ. ആർ സംവിധാനം ചെയ്യുന്ന ചിത്രമാണ് എ പ്രഗനന്റ് വിഡോ വ്യാസചിത്രയുടെ ബാനറിൽ ഡോക്ടർ പ്രഹ്ലാദ് വടക്കേപ്പാട്ട് അവതരിപ്പിക്കുന്ന ഈ ചിത്രം ക്രൗഡ് ക്ലാപ്സ്, സൗ സിനിമാസ് എന്നിവയുടെ ബാനറിൽ ഡോക്ടർ പ്രഹ്ലാദ് വടക്കേപ്പാട്, വിനോയ് വിഷ്ണു വടക്കേപ്പാട്, സൗമ്യ കെ. എസ് എന്നിവർ ചേർന്ന് നിർമ്മിക്കുന്നു. ടിങ്കിൾ ജോബി ടൈറ്റിൽ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ശിവൻകുട്ടി നായർ, അജീഷ് കൃഷണ, അഖില, സജിലാൽ നായർ, സന്തോഷ് കുറുപ്പ്, തുഷാര പിള്ള, അമയ പ്രസാദ്, ചന്ദ്രൻ പാവറട്ടി, അരവിന്ദ് സുബ്രഹ്മണ്യം, എ. എം സിദ്ദിഖ്, അതീക്ഷിക ബാബു തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

ഛായാഗ്രഹണം സാംലാൽ പി. തോമസ്, എഡിറ്റർ സുജീർ ബാബു സുരേന്ദ്രൻ, സംഗീതം സുധേന്ദുരാജ്, ശബ്ദമിശ്രണംആനന്ദ് ബാബു, കളറിസ്റ്റ് ബിപിൻ വർമ്മ, ശബ്ദലേഖനം ജോയ് നായർ, സൗണ്ട് എഫക്ട്സ് രാജേഷ് കെ. ആർ, കലാ സംവിധാനം രതീഷ് വലിയകുളങ്ങര, മേക്കപ്പ് ചീഫ് ജയൻ പൂങ്കുളം, മേക്കപ്പ്മാൻ സുധീഷ് ഇരുവൈകോണം, ക്യൂറേറ്റർ രാജേഷ് കുമാർ ഏക, സബ്ടൈറ്റിൽസ് വൺഇഞ്ച് ബാരിയർ, ഓഫീസ് ഹെഡ് കലാ ബൈജു, അഡീഷണൽ സോങ് പോളി വർഗ്ഗീസ്, ഗാനരചന ഡോക്ടർ സുകേഷ്, ഡോക്ടർ ബിജു ബാലകൃഷ്ണൻ, തുമ്പൂർ സുബ്രഹ്മണ്യം, ബിജു പ്രഹ്ലാദ്, കീർത്തനം ഭാസ്കർ ഗുപ്ത വടക്കേപ്പാട്, അസോസിയേറ്റ് ഡയറക്ടർ ബൈജു ഭാസ്കർ, രാജേഷ് അങ്കോത്ത്, പ്രൊഡക്ഷൻ ഡിസൈനർ സജേഷ് രവി, പ്രൊഡക്ഷൻ കൺട്രോളർ അനിൽ കല്ലാർ, പി. ആർ. ഒ എ.എസ് ദിനേശ്,ബിജിത്ത് വിജയൻ.






# ജോസ് ആലുക്കാസ് പുതിയ ഫ്ളാഗ്ഷിപ്പ് ഷോറൂം കോയമ്പത്തൂരിൽ ഉദ്ഘാടനം ചെയ്തു

**കോയമ്പത്തൂർ:** മുൻനിര ജ്വല്ലറി ബ്രാൻഡായ ജോസ് ആലുക്കാസ്, കോയമ്പത്തൂരിൽ തങ്ങളുടെ ഫ്ളാഗ്ഷിപ്പ് സ്റ്റോർ തുറന്നു.

ബ്രാൻഡ് അംബാസഡറും നടനുമായ ആർ. മാധവൻ ഫ്ളാഗ്ഷിപ്പ് സ്റ്റോർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനച്ചടങ്ങിൽ ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോസ് ആലുക്കാസിന്റെ ആത്മകഥയായ ഗോൾഡിന്റെ തമിഴ് പതിപ്പും പുറത്തിറക്കി.

രണ്ട് നിലകളിലായി 8000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഈ ഫ്ളാഗ്ഷിപ് ഷോറൂം ജോസ് ആലുക്കാസിന്റെ കോയമ്പത്തൂരിലെ ഏറ്റവും വലിയ സ്റ്റോറാണ്. ബ്രാൻഡിന്റെ സ്വർണ്ണം, വജ്രം, പ്ലാറ്റിനം, വെള്ളി ആഭരണങ്ങളുടെ സമ്പൂർണ്ണ ശ്രേണി, ബ്രൈഡൽ, ഉത്സവം, സമകാലികം എന്നീ ശേഖരങ്ങൾ ഒരുമിച്ച് കൊണ്ടുവരുന്നു.

ജോസ് ആലുക്കാസ് മാനേജിംഗ് ഡയറക്ടർമാരായ വർഗീസ് ആലുക്കാസ്, പോൾ ആലുക്കാസ്, ജോൺ ആലുക്കാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കോയമ്പത്തൂർ എം.പി ഡോ. ഗണപതി രാജ്കുമാർ, കോയമ്പത്തൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയർ കെ. രംഗനായകി, ഡെപ്യൂട്ടി മേയർ ആർ. വെട്രിസെൽവൻ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.



# ലിസ് ജയ്മോൻ ജേക്കബ് ജോസ് ആലുക്കാസ് ഗാർഡൻ വരേലി മിസ് സൗത്ത് ഇന്ത്യ 2025 കിരീടം നേടി

**ബംഗളൂരു:** ബംഗളൂരുവിൽ നടന്ന മിസ് സൗത്ത് ഇന്ത്യ 23ാമത് പതിപ്പിൽ ലിസ് ജയ്മോൻ ജേക്കബ് ജോസ് ആലുക്കാസ് ഗാർഡൻ വരേലി മിസ് സൗത്ത് ഇന്ത്യ 2025 കിരീടം നേടി. ഐശ്വര്യ ഉല്ലാസ്, റിയ സുനിൽ എന്നിവരാണ് യഥാക്രമം ഫസ്റ്റ് & സെക്കന്റ് റണ്ണർ അപ്പ്.

ദക്ഷിണേന്ത്യയിലുടനീളമുള്ള 21 ഫൈനലിസ്റ്റുകൾ ഓരോരുത്തരും അവരുടെ സംസ്ഥാനങ്ങളുടെ തനതായ സാംസ്കാരിക സമ്പന്നതയെയും ശൈലിയെയും പ്രതിനിധീകരിക്കുന്ന പരിപാടിയിൽ പങ്കെടുത്തു.

ആന്ധ്രാപ്രദേശ്, കർണാടക, കേരളം, തെലങ്കാന, തമിഴ്നാട് എന്നീ അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വൈവിധ്യത്തെയും സൗന്ദര്യത്തെയും ആഘോഷിക്കുന്ന ഒന്നായിരുന്നു ഈ പരിപാടി.

# ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന് 122 കോടി രൂപ അറ്റാദായം

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ ത്രൈമാസാടിസ്ഥാനത്തിൽ 18.2 ശതമാനം വളർച്ചയോടെ 122 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു.

വാർഷികാടിസ്ഥാനത്തിൽ 47.6 ശതമാനം വളർച്ചയോടെ 7,932 കോടി രൂപയുടെ വായ്പ വിതരണം നടത്തി. ആകെ വായ്പകൾ വാർഷികാടിസ്ഥാനത്തിൽ 14 ശതമാനം വളർച്ചയോടെ 34,588 കോടി രൂപയിലെത്തി. വാർഷികാടിസ്ഥാനത്തിൽ 15.1 ശതമാനം വളർച്ചയോടെ നിക്ഷേപം 39,211 കോടി രൂപയിലെത്തി. വാർഷികാടിസ്ഥാനത്തിൽ 22.1 ശതമാനം വളർച്ചയോടെ കറന്റ് അക്കൗണ്ട് സേവിംഗ്സ് അക്കൗണ്ട് നിക്ഷേപം 10,783 കോടി കോടി രൂപയിലെത്തി. ആസ്തി ഗുണമേന്മയിൽ പുരോഗതി കൈവരിച്ച് ആകെയുള്ള നിഷ്ക്രിയ ആസ്തികൾ 2.45 ശതമാനം ആയി കുറഞ്ഞു. മൊത്തം മൂലധന പര്യാപ്തതാ നിരക്ക് 21.4 ശതമാനത്തിലുമെത്തി. രണ്ടാം പാദത്തിൽ തങ്ങൾ മികച്ച വളർച്ച കൈവരിച്ചതായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ സിഇഒയും മാനേജിംഗ് ഡയറക്ടറുമായ സഞ്ജീവ് നൗട്ടിയാൽ പറഞ്ഞു. ബാങ്കിന്റെ ഭാവി വളർച്ചയ്ക്ക് മികച്ച പദ്ധതികളും ബ്രാഞ്ച് വിപുലീകരണവും പ്രധാന പങ്ക് വഹിക്കും. 2026 സാമ്പത്തിക വർഷത്തിൽ വായ്പകളിൽ ഏകദേശം 20 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# യെസ് ബാങ്കിന് 654 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** യെസ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ വാർഷികാടിസ്ഥാനത്തിൽ 18.3 ശതമാനം വളർച്ചയോടെ 654 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. വാർഷികാടിസ്ഥാനത്തിൽ 32.9 വളർച്ചയോടെയും ത്രൈമാസാടിസ്ഥാനത്തിൽ 31.8 ശതമാനം വളർച്ചയോടെയും ബാങ്കിന്റെ പ്രവർത്തന ലാഭം 1,296 കോടി രൂപയായി വർദ്ധിച്ചു.

വാർഷികാടിസ്ഥാനത്തിൽ 4.6 ശതമാനം വളർച്ചയോടെ അറ്റപലിശ വരുമാനം രണ്ടാം പാദത്തിൽ 2,301 കോടി രൂപയിലെത്തി. അറ്റ പലിശ മാർജിൻ 2.5 ശതമാനമായി വാർഷികാടിസ്ഥാനത്തിൽ 10 ബേസിസ് പോയിന്റ് വർദ്ധിച്ചു. പലിശ ഇതര വരുമാനം 1,644 കോടി രൂപയിലെത്തി.

# സിഫി ഇൻഫിനിറ്റ് സ്പെയ്സസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഡാറ്റാ സെന്റർ കൊളോക്കേഷൻ സേവന ദാതാക്കളിലൊന്നായ സിഫി ഇൻഫിനിറ്റ് സ്പെയ്സസ് ലിമിറ്റഡ്, പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ സമർപ്പിച്ചു. ഐപിഒയിലൂടെ 3700 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.2500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 1,200 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 500 കോടി രൂപയുടെ പ്രീ ഐപിഒ പ്ലേസ്മെമെന്റും കമ്പനിയുടെ പരിഗണയിലുണ്ട്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, സിഎൽഎസ്എ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ. പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663